## എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് നാല്പത്തേഴ്

## വിശ്വാസത്തിന്റെ നിസ്തുലമായ വഴിയും വിശ്വാസത്തിന്റെ നിർവചനവും

ഏറ്റവും നന്നായി രചിച്ചിട്ടുള്ള പുതിയനിയമത്തിലെ മൂന്നു പുസ്തകങ്ങൾ എബ്രായർ, റോമർ, വെളിപ്പാട് എന്നിവയാണ്. ഈ മൂന്നിൽവച്ച്, രചനയെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ചത് എബ്രായലേഖനമാണ്. എബ്രായലേഖനത്തിലെ ആദ്യത്തെ പത്ത് അധ്യായങ്ങളിൽ നമുക്ക് ദൈവത്തിന്റെ വ്യവസ്ഥയും മനുഷ്യന്റെ മതവും തമ്മിലുള്ള വ്യക്തവും സമഗ്രവും പൂർണവുമായ ഒരു താരതമ്യമുണ്ട്. മനുഷ്യനിർമ്മിതമായ ഈ മതം തന്റെ വ്യവസ്ഥയനുസരിച്ചു പോകുന്നതിൽനിന്നും ദൈവത്തിന്റെ ജനത്തെ തടസ്സപ്പെടുത്തുന്നു. ഈ തടസ്സം നിമിത്തമായിരുന്നു എബ്രായലേഖനം എഴുതപ്പെട്ടത്. ദൈവത്തിന്റെ വ്യവസ്ഥയുമായുള്ള യെഹൂദമതത്തിന്റെ സമഗ്രമായ ഒരു താരതമ്യം അവതരിപ്പിച്ചതിനുശേഷം, പിൻവാങ്ങുവാനുള്ള അപകടത്തിലായിരുന്ന എബ്രായ വിശ്വാസികളോട് "കാഴ്ചയാലല്ല," (2 കൊരി. 5:7) "വിശ്വാസത്താൽ" (10:38-39) ജീവിക്കുവാനും നടക്കുവാനും, മുന്നോട്ടു പോകുവാനും ഈ പുസ്തകം ആജ്ഞാപിക്കുന്നു. പിന്നീട് പതിനൊന്നാം അധ്യായത്തിൽ അത് വിശ്വാസം എന്താണെന്ന് ചരിത്രപരമായ ഒരു രീതിയിൽ നിർവചിച്ചുകൊണ്ട് തുടരുന്നു.

നിങ്ങൾ ഒരു വാഹനം ഓടിക്കുകയാണെന്നും, ഒരു റോഡ് അടച്ചിരിക്കുന്നുവെന്നും ഒരു റോഡ് തുറന്നിരിക്കുന്നുവെന്നും കാണിക്കുന്ന രണ്ട് അടയാളങ്ങളുള്ള ഒരു കവലയിലേക്കു വരികയാണെന്നും കരുതുക. അടച്ചിരിക്കുന്ന റോഡിൽ നിങ്ങൾ വാഹനം ഓടിച്ചുപോകുമോ? നിങ്ങൾ അങ്ങനെ ചെയ്യുന്നെങ്കിൽ, നിങ്ങളുടെ ജീവൻ നഷ്ടപ്പെടാനുള്ള അപകട സാധ്യതയിലേക്ക് നിങ്ങൾ ഓടിക്കുകയാണ്. തുറന്നിരിക്കുന്ന വഴിയിൽ വാഹനമോടിക്കുന്നതായിരിക്കും ഏറെ നല്ലത്. എബ്രായലേഖനത്തിന്റെ ആദ്യത്തെ പത്ത് അധ്യായങ്ങളിൽ നൽകിയിരിക്കുന്ന വ്യക്തമായ താരതമ്യം ഏതു വഴിയാണ് അടച്ചിരിക്കുന്നതെന്നും ഏതു

വഴിയാണ് തുറന്നിരിക്കുന്നതെന്നും കാണിക്കുന്ന നമ്മുടെ ഡ്രൈവിംഗിനുള്ള ഒരു അടയാളമാണ്. പഴയ വഴിയിൽ ഒരു അടയാളമുണ്ട് അത് പറയുന്നു—അടച്ചിരിക്കുന്നു, അവസാനിപ്പിച്ചിരിക്കുന്നു. പുതിയ വഴിയിലും ഒരു അടയാളമുണ്ട് അത് പറയുന്നു—തുറന്നിരിക്കുന്നു, പുതുതായി അറുക്കപ്പെട്ടിരിക്കുന്നു. ഈ താരതമ്യം ഈ പത്ത് അധ്യായങ്ങളുടെ പരിസമാപ്തിയാണ്. അങ്ങനെയുള്ള ഒരു താരതമ്യം അവതരിപ്പിച്ചതിനുശേഷം, തുറന്നിരിക്കുന്ന, പുതുതായി അറുക്കപ്പെട്ടിരിക്കുന്ന ഈ വഴി എങ്ങനെ എടുക്കണമെന്ന് എഴുത്തുകാരൻ നമ്മോടു പറയുന്നു—അത് വിശ്വാസം എന്ന നിസ്തുലമായ മാർഗത്താലാണ്.

വിശ്വാസത്തിന്റെ ഈ കാര്യം പരിഗണിക്കുന്നതിനുമുമ്പ്, ദേഹിയെ നേടുന്നതിനെക്കുറിച്ച് ഒരു വാക്കുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എബ്രായർ 10:39 പറയുന്നു, "നാമോ നാശത്തിലേക്ക് പിൻവാങ്ങുന്നവരുടെ കൂട്ടത്തിലല്ല, ദേഹിയെ നേടുന്നതിന് വിശ്വാസമുള്ളവരുടെ കൂട്ടത്തിലത്രേ ആകുന്നത്." വേദപുസ്തകം ഏറ്റവും സ്ഥിരതയുള്ള പുസ്തകമാണ്. അതിന് നിരവധി വശങ്ങളുണ്ടായിരിക്കുകയും, വ്യത്യസ്തമായ പദപ്രയോഗങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, അതിന്റെ മുഖ്യ കാര്യം എപ്പോഴും സ്ഥിരതയുള്ളതാണ്. തേജസ്കരണം, തികവ്, ദേഹിയെ നേടുക എന്നീ പദപ്രയോഗങ്ങളെല്ലാം ഒരേ കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. നാം കണ്ടതുപോലെ, തേജസ്കരണം തികവും, തികവ് ദേഹിയെ നേടുന്നതുമാണ്. നാം ഇന്ന് ക്രിസ്തുവിന്റെ അനുയായികളാണ്. ദൈവത്തിന്റെ വ്യവസ്ഥയനുസരിച്ച് നാം അവനെ അനുഗമിക്കുമെങ്കിൽ, നാം വില കൊടുക്കണം. മാനുഷികമായി പറഞ്ഞാൽ, കർത്താവിനെ അനുഗമിക്കുന്നതിന് നാം ദേഹിപരമായ ആസ്വാദനവും ലൗകികമായ വിനോദങ്ങളും നഷ്ടമാക്കണം. അങ്ങനെയുള്ള കാര്യങ്ങൾ നഷ്ടപ്പെടുത്തുന്നതാണ് നമ്മുടെ ദേഹിയെ നഷ്ടമാക്കുന്നതുകൊണ്ട് അർഥമാക്കുന്നത്. ഇന്ന് നമ്മുടെ ദേഹിയെ നഷ്ടപ്പെടുത്തുന്നതിന് വില കൊടുക്കുവാൻ നമുക്ക് മനസ്സില്ലെങ്കിൽ, അതായത്, ഈ യുഗത്തിൽ യാതൊരു ദേഹിപരമായ ആസ്വാദനവും ലൗകികമായ വിനോദവും നഷ്ടമാക്കുവാൻ നാം ഇഷ്ടപ്പെടുന്നില്ലെങ്കിൽ, ക്രിസ്തുവിനെ നമ്മിലേക്ക് പണിതുചേർക്കുവാൻ ജീവപ്രമാണത്തിന് നാം യാതൊരു അവസരവും നല്കുകയില്ല. ഇന്ന് നമ്മുടെ ദേഹിയെ നഷ്ടപ്പെടുത്തുകയെന്നാൽ അതിന്റെ അർഥം, നമ്മുടെ ആളത്തത്തിലേക്ക് ക്രിസ്തുവിനെ പണിതുചേർക്കുവാൻ ജീവപ്രമാണത്തിന് നാം അവസരം നല്കുന്നു എന്നാണ്. അതിന്റെ അർഥം നാം ഷോപ്പിംഗിനോ, പാർപ്പിടത്തിനോ, ഭക്ഷണത്തിനോ, വസ്ത്രത്തിനോ, ഏതെങ്കിലും തരത്തിലുള്ള വിനോദത്തിനോ വേണ്ടി കരുതുന്നില്ലെന്നും നമ്മുടെ ഉള്ളിലുള്ള ജീവപ്രമാണത്തിന്റെ

പ്രവർത്തനത്തിനുവേണ്ടി മാത്രം കുരുതുന്നു എന്നുമാണ്. "എന്റെ ആളത്തത്തിന്റെ ഓരോ ഭാഗത്തിലേക്കും ക്രിസ്തുവിനെ പണിതു ചേർക്കുവാനുള്ള അവസരം ജീവപ്രമാണത്തിന് ഉണ്ടായിരിക്കേണ്ടതിന് എന്തു വിലയും കൊടുക്കുവാൻ ഞാൻ മനസ്സുള്ളവനാണ്" എന്ന് നാമെല്ലാവരും പറയണം. ഇതാണ് തികഞ്ഞവരാക്കപ്പെടുന്നതുകൊണ്ട് അർഥമാക്കുന്നത്. ഇത് നമ്മുടെ തേജസ്കരണത്തിനുവേണ്ടിയുമാണ്. ഭാവിയിലുള്ള നമ്മുടെ തേജസ്കരണം നമ്മുടെ ദേഹിയെ നേടുന്നതാണ്. തന്മൂലം, തികവും, തേജസ്കരണവും, ദേഹിയെ നേടുന്നതുമെല്ലാം ഒരേ കാര്യത്തെ സൂചിപ്പിക്കുന്നു.

"നാം നാശത്തിലേക്ക് പിൻവാങ്ങുന്നവരുടെ കൂട്ടത്തിലല്ല" എന്ന് 10:39-ൽ എഴുത്തുകാരൻ പറയുന്നു. കർത്താവിന്റെ വിലയേറിയ രക്തത്താൽ നാം ശുദ്ധീകരിക്കപ്പെടുകയും, വീണ്ടുംജനിക്കുകയും, പരിശുദ്ധാത്മാവ് നമ്മിൽ അധിവസിക്കുകയും ചെയ്യുന്നതുകൊണ്ട്, ദൈവത്തിന്റെ വ്യവസ്ഥക്കുവേണ്ടിയുള്ള ഉത്തമ വസ്തുവാണ് നാം, കൂടാതെ ക്രിസ്തുവിനെ നമ്മിലേക്ക് പണിതുചേർക്കുവാൻ ജീവപ്രമാണം പ്രാപ്തവുമാണ്. ഇതിനുവേണ്ടി വില കൊടുക്കുവാൻ നമുക്ക് മനസ്സില്ലാതെ പിൻവാങ്ങുന്നുവെങ്കിൽ, ജീവപ്രമാണമത്തിന് പ്രവർത്തിക്കാൻ കഴിയുന്ന വസ്തുവായ, ദൈവത്തിന്റെ വ്യവസ്ഥക്കുവേണ്ടിയുള്ള ഉത്തമ വസ്തുവായ നാം നശിപ്പിക്കപ്പെടും. നാം മുന്നോട്ടുവരുന്നുവെങ്കിൽ, ജീവപ്രമാണത്തിന് ക്രിസ്തുവിനെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കാനുള്ള നല്ല വസ്തുവായി നാം തുടരും. പിൻവാങ്ങുന്നത്, പ്രാകൃതകമായ ആസ്വാദനങ്ങളാലും, ലൗകിക വിനോദങ്ങളാലും, മതപരമായ പ്രവർത്തനങ്ങളാലും ഉത്തമ വസ്തുവിനെ നശിപ്പിക്കുന്നു. "നശിച്ചു" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം നാശം എന്നതിന് ഉപയോഗിച്ചിരിക്കുന്ന അതേ പദമാണ്. ഇത് അർഥമാക്കുന്നത്, ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിനുവേണ്ടിയുള്ള നല്ല വസ്തുവായ നിങ്ങൾ ദൈവത്തിന്റെ വ്യവസ്ഥയിൽനിന്നും പിൻവാങ്ങുന്നുവെങ്കിൽ, വസ്തുവായിരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ പൂർണ്ണമായും നശിപ്പിക്കപ്പെടും എന്നാണ്. ദൈവത്തിന്റെ തൽസമയ വ്യവസ്ഥയിൽനിന്നും പിൻവാങ്ങുന്നതിലൂടെ നശിപ്പിക്കപ്പെട്ട ധാരാളം ഉത്തമ വസ്തുക്കളെ കഴിഞ്ഞ കാലങ്ങളിൽ ഞാൻ കണ്ടിട്ടുണ്ട്. ദൈവത്തിന്റെ ഇന്നത്തെ വ്യവസ്ഥ അവർ കണ്ടുവെങ്കിലും അതിനുവേണ്ടി വില കൊടുക്കുവാൻ അവർക്ക് മനസ്സില്ലായിരുന്നു. അവർ പിൻവാങ്ങുകയും നശിച്ചുപോകുകയും ചെയ്തു. ഇക്കാര്യത്തിൽ നാമെല്ലാവരും ശ്രദ്ധാലുക്കളായിരിക്കണം.

നശിപ്പിക്കപ്പെടുക എന്നതിനർഥം ഇന്ന് നമ്മുടെ ദേഹിയെ നാം രക്ഷിക്കുകയും ഭാവിയിൽ അതിനെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു എന്നാണ്. പൂർണ തികവിലേക്കുള്ള നമ്മുടെ അവകാശത്തെ ഉപേക്ഷിച്ചുകൊണ്ട്, നമ്മുടെ ജന്മാവകാശമായ തേജസ്കരണത്തെ

നാം വിൽക്കുന്നുവവെന്നും ഇത് അർഥമാക്കുന്നു. ഭാവിയിൽ തങ്ങളുടെ ദേഹിയെ നഷ്ടപ്പെടുത്തുന്നവർ അവരുടെ ഭാവിയിലെ തികവിനും, തേജസ്കരണത്തിനും, തങ്ങളുടെ ദേഹിയെ നേടുന്നതിനും വേണ്ടി കരുതാത്തവരാണ്. അവർ ഇന്ന് തങ്ങളുടെ പ്രാകൃതമായ ആസ്വാദനങ്ങൾക്കുവേണ്ടി മാത്രം കരുതുന്നു. ഇന്ന് നമ്മുടെ ദേഹിയെ നഷ്ടപ്പെടുത്തുന്നതിനുള്ള വില കൊടുക്കാൻ നാം തയ്യാറാണെങ്കിൽ, ഭാവിയിൽ നാം നമ്മുടെ ദേഹിയെ നേടുകയും, തികഞ്ഞവരാക്കപ്പെടുകയും, തേജസ്കരിക്കപ്പെടുകയും ചെയ്യും. എബ്രായ വിശ്വാസികൾ ഇക്കാര്യത്തിൽ മുന്നോട്ടുപോകാനുള്ള ഒരു പ്രോത്സാഹനമെന്ന നിലയിൽ, പത്താം അധ്യായത്തിന്റെ അവസാനത്തിൽ, നാം "ദേഹിയെ നേടുന്നതിന് വിശ്വാസമുള്ളവരുടെ കൂട്ടത്തിൽ" ഉള്ളവരാണെന്ന് എഴുത്തുകാരൻ പറഞ്ഞു. ദൈവത്തിന്റെ വ്യവസ്ഥയുമായുള്ള യെഹൂദമതത്തിന്റെ സമഗ്രമായ ഒരു താരതമ്യം അവതരിപ്പിച്ചതിനുശേഷം, വിശ്വാസത്താൽ മുന്നോട്ടുപോകുവാൻ എഴുത്തുകാരൻ എബ്രായ വിശ്വാസികളോട് ആജ്ഞാപിക്കുന്നു. ഇതിന് തൊട്ടുപിന്നാലെ പതിനൊന്നാം അധ്യായം വരുന്നു, അത് വിശ്വാസത്തിന്റെ നിസ്തുലമായ വഴിയെക്കുറിച്ച് പറയുന്നു.

## I. വിശ്വാസത്തിന്റെ നിസ്തുലമായ വഴി

### A. വിശ്വാസത്താൽ സുവിശേഷവചനം സ്വീകരിക്കുന്നത്

ഈ പുസ്തകത്തിൽ വിശ്വാസത്തെക്കുറിച്ച് ആദ്യം പറഞ്ഞിരിക്കുന്നത് മൂന്നും, നാലും അധ്യായങ്ങളിലാണ്. സുവിശേഷ വചനം സ്വീകരിക്കാനുള്ള നിസ്തുല മാർഗം വിശ്വാസമാണെന്ന് 4:2-ൽ നാം കാണുന്നു. ശരിയായ സുവിശേഷം ഒസ്യത്തുകളുടെ സുവിശേഷമാണ്. ആരെങ്കിലും ഒസ്യത്തുകളുടെ സുവിശേഷം സ്വീകരിക്കണമെങ്കിൽ, അവന് വിശ്വാസം ഉണ്ടായിരിക്കണം. നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ ഒരു വലിയ തുക നിക്ഷേപിച്ചിട്ടുണ്ട് എന്നു പറയുന്ന ഒരു രേഖ ഒരാൾ നിങ്ങൾക്ക് നൽകുന്നുവെന്നു കരുതുക. ഈ രേഖ സ്വീകരിക്കുന്നതിന് നിങ്ങൾക്ക് വിശ്വാസം ഉണ്ടായിരിക്കണം. നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ, നിങ്ങൾ പറയും, "ഇത് ഒരു കടലാസ് കഷണം മാത്രമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതിന് ഒരു അർഥവുമില്ല." നാം സുവിശേഷം പ്രസംഗിക്കുമ്പോൾ, നാം വിശ്വാസത്തെ ജനത്തിലേക്ക് സന്നിവേശിപ്പിക്കണം. ശരിയായ സുവിശേഷ പ്രസംഗത്തിന്റെ ശക്തി, നാം പറയുന്നതെന്തും വിശ്വസിക്കുന്ന അളവോളം ജനം വിശ്വാസത്താൽ സന്നിവേശിപ്പിക്കപ്പെടുന്നതാണ്. സുവിശേഷത്തിന്റെ വചനം അവർ സ്വീകരിക്കണമെങ്കിൽ ജനത്തിന് വിശ്വാസമുണ്ടായിരിക്കണം.

## B. വിശ്വാസത്താൽ ദൈവത്തെ കൈക്കൊള്ളുന്നത്

എബ്രായർ 6:1 "ദൈവത്തിലുള്ള വിശ്വാസ"ത്തെക്കുറിച്ചു പറയുന്നു. നമുക്ക് ദൈവത്തെ കാണാൻ കഴിയാത്തതിനാൽ, നാം അവനെ വിശ്വാസത്താൽ കൈക്കൊള്ളണം. ദൈവം വലിയവനും അത്ഭുതവാനുമാണെങ്കിലും ചില ആളുകൾ പറയുന്നു, "എന്നെ സംബന്ധിച്ചിടത്തോളം ദൈവം ഒന്നുമല്ല." നമുക്ക് വിശ്വാസമുണ്ടെങ്കിൽ ദൈവം എല്ലാമാണ്; നമുക്ക് വിശ്വാസമില്ലെങ്കിൽ, അവൻ നമുക്ക് ഒന്നുമല്ല. നാം ദൈവത്തെ ജനത്തിലേക്ക് ശുശ്രൂഷിക്കുമ്പോഴെല്ലാം, അവരിലേക്ക് വിശ്വാസത്തെ സന്നിവേശിപ്പിക്കുവാൻ നമുക്ക് കഴിയണം; അല്ലാത്തപക്ഷം, നാം അവരിലേക്ക് ശുശ്രൂഷിക്കുന്നതെല്ലാം വ്യർഥമാകും. ജനം ദൈവത്തെ ഗ്രഹിക്കണമെങ്കിൽ അവർക്ക് വിശ്വാസമുണ്ടായിരിക്കണം.

## C. വിശ്വാസത്താൽ വിശ്രമത്തിലേക്ക് പ്രവേശിക്കുന്നത്

ശബ്ബത്തുസ്വസ്ഥതയെക്കുറിച്ചു സംസാരിക്കുന്ന എബ്രായർ 4:3 പറയുന്നു, "വിശ്വസിച്ചവരായ നാം വിശ്രമത്തിലേക്ക് പ്രവേശിക്കുന്നു." ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ഏക മാർഗം വിശ്വാസമാണ്. വിശ്വസിക്കാത്ത ഒരുവന് അതിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. ഇക്കാര്യത്തിനായി നമ്മുടെ വിശ്വാസത്തെ നാം വ്യായാമം ചെയ്യണം.

## D. വിശ്വാസത്താൽ വാഗ്ദത്തം അവകാശമാക്കുന്നത്

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവകാശമാക്കാനുള്ള നിസ്തുല മാർഗം വിശ്വാസമാണ് (6:12). തിരുവെഴുത്തുകളിൽ ദൈവം നമുക്ക് ധാരാളം വാഗ്ദത്തങ്ങൾ നൽകിയിട്ടുണ്ട്. ഈ വാഗ്ദത്തങ്ങൾ അവകാശമാക്കുവാൻ ദൈവം നമ്മെ വിശ്വാസത്താൽ സന്നിവേശിപ്പിക്കണം. ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള മിക്ക കാര്യങ്ങളും കാണാൻകഴിയാത്തതോ പ്രത്യാശിക്കേണ്ടതോ ആയതിനാൽ അവയെ സാരാംശീകരിക്കുവാൻ നമുക്ക് വിശ്വാസം അവശ്യമാണ്.

## E. നിശ്ചയത്തിന്റെ ആരംഭം ദൃഢമായി അവസാനം വരെ മുറുകെപ്പിടിക്കുന്നത്

നിശ്ചയത്തിന്റെ (ഉറപ്പിന്റെ) ആരംഭം ദൃഢമായി അവസാനം വരെ മുറുകെപ്പിടിക്കുന്നതിന്, നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം (3:14). 3:14-ലെ "നിശ്ചയം" എന്ന പദം അർഥമാക്കുന്നത് നമുക്ക് ആരംഭം മുതൽ ഉണ്ടായിരുന്ന പ്രായോഗികവും യഥാർഥവുമായ വിശ്വാസത്തെയാണ്. ആരംഭത്തിൽ നാം ചെയ്തതുപോലെ, ഈ പ്രായോഗികവും യഥാർഥവുമായ വിശ്വാസത്തെ ദൃഢമായി അവസാനം വരെ നാം മുറുകെപ്പിടിക്കണം.

## F. അതിവിശുദ്ധസ്ഥലത്തേക്കും ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ യുഗത്തിലേക്കും വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ വരുന്നത്

നാം അതിവിശുദ്ധസ്ഥലത്തേക്കും ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ യുഗത്തിലേക്കും വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ മുമ്പോട്ടുവരണം (10:22). ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ച് ഈ ദൂതുകളിൽ ഞങ്ങൾ വളരെയേറെ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. നമ്മുടെ വിശ്വാസക്കണ്ണുകൾ നാം അടച്ചുകളഞ്ഞാൽ യാതൊന്നും ഉണ്ടായിരിക്കുകയില്ല, ഞങ്ങൾ പറഞ്ഞതെല്ലാം വെറുതെയാകും. എന്നാൽ നമ്മുടെ വിശ്വാസത്തെ നാം വ്യായാമം ചെയ്യുന്നുവെങ്കിൽ ദൈവത്തിന്റെ വ്യവസ്ഥയിൽ എത്രമാത്രം ഉണ്ടെന്ന് നാം കാണും. നമുക്ക് വിശ്വാസമില്ലെങ്കിൽ എല്ലാം പൊയ്പ്പോയി. എന്നാൽ നമുക്ക് വിശ്വാസമുണ്ടെങ്കിൽ നമുക്കു മുമ്പിൽ ഒരു വലിയ സമ്പത്തുണ്ട്. ഈ ദൂതുകളിൽ നാം ജീവപ്രമാണത്തിന്റെ ദർശനം കണ്ടിരിക്കുന്നു. മതത്തിന്റെ അറിവോടുകൂടെയല്ല, ഈ ദർശനത്തോടുകൂടെ നാം പോകണം.

## G. ചഞ്ചലപ്പെടാതെ നമ്മുടെ പ്രത്യാശയുടെ ഏറ്റുപറയൽ മുറുകെപ്പിടിക്കുന്നത്

നമ്മുടെ പ്രത്യാശ ക്രിസ്തുവാണ്. ജീവപ്രമാണത്തിന്റെ പ്രവർത്തനത്തോടുകൂടെ നമ്മിലേക്കു പകർന്ന തന്റെ അനശ്വരമായ ജീവനും, ദൈവത്തിന്റെ സകല സമ്പന്നതയും നമ്മിലേക്ക് അവൻ ശുശ്രൂഷിക്കുന്നതിലുള്ള അവന്റെ രാജകീയവും ദിവ്യവുമായ പൗരോഹിത്യവും നമ്മുടെ പ്രത്യാശയാണ്. ഇതായിരിക്കണം നമ്മുടെ ഏറ്റുപറയൽ. ചഞ്ചലപ്പെടാതെ നമ്മുടെ പ്രത്യാശയുടെ ഈ ഏറ്റുപറയൽ മുറുകെപ്പിടിക്കുവാൻ നമ്മുടെ വിശ്വാസത്തെ നാം വ്യായാമം ചെയ്യേണ്ടതാവശ്യമാണ്. വിശ്വാസത്താൽ മാത്രമേ ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയുടെ ഏറ്റുപറയൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

## H. പ്രതിഫലത്തിന്റെ വാഗ്ദത്തത്തിനുവേണ്ടി കഷ്ടംസഹിക്കുന്നതിൽ വിശ്വാസത്താൽ ജീവിക്കുന്നത്

ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ മാർഗം എടുക്കുന്നതും ഈ മാർഗത്തിൽ കർത്താവിനെ അനുഗമിക്കുന്നതും ഭൗതിക കാര്യങ്ങളിൽ നിരവധി കഷ്ടംസഹിക്കുന്നതിന് കാരണമാകുന്നു. ഇതിനുവേണ്ടി, കാഴ്ചയാലല്ല, വിശ്വാസത്താൽ നാം ഈ ഭൂമിയിൽ ജീവിക്കേണ്ടതിന് ദൈവം നമുക്ക് ഒരു വലിയ പ്രതിഫലം വാഗ്ദത്തം ചെയ്തിരിക്കുന്നു (വാ. 35). ദൈവത്തിന്റെ വ്യവസ്ഥയിൽ കർത്താവിനെ അനുഗമിക്കുന്ന ജീവിതം വിശ്വാസത്തിന്റെ ജീവിതമാണ്.

## I. വിശ്വാസത്താൽ ദേഹിയെ നേടുന്നത്

വരാനിരിക്കുന്ന രാജ്യയുഗത്തിൽ നമ്മുടെ ദേഹിയെ നേടുന്നതിന് നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം (10:39; 1 പത്രൊ. 1:9). ഇന്നത്തെ ആസ്വാദനങ്ങൾക്കുവേണ്ടിയല്ല വരുന്ന നാളിനായി നാം കരുതണമെങ്കിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. കൂടാതെ, ഭാവിയിൽ നമുക്ക് മേന്മയേറിയ എന്തെങ്കിലും ഉണ്ടായിരിക്കുമെന്നും, ഇന്നത്തെ ആസ്വാദനങ്ങളും വിനോദങ്ങളും ത്യജിക്കുന്നത് ലാഭകരമാണെന്നും നമുക്ക് ഉറപ്പുണ്ടായിരിക്കണമെങ്കിൽ നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. നാം കാണാൻപോകുന്നതുപോലെ, വിശ്വാസമെന്നത് കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ്. നമുക്ക് ഭാവിയിലേക്ക് കാണാൻ കഴിയാത്തതിനാൽ, മഹത്വകരമായ ഒരു നാളെ നമുക്കു മുന്നിലുണ്ടെന്ന് നമുക്കെങ്ങനെ അറിയാൻ കഴിയും? അത് നാം വിശ്വാസത്താൽ അറിയുന്നു. ഒരു മഹത്വകരമായ നാളെ എന്നെ കാത്തിരിക്കുന്നുവെന്ന് എന്റെ ഉള്ളിൽ ആഴത്തിൽ എനിക്ക് ബോധ്യമുണ്ട്. ഈ ബോധ്യം വിശ്വാസത്താൽ വരുന്നു.

## J. അവിശ്വാസത്തിന്റെ ദുഷ്ടഹൃദയത്തെ സംബന്ധിച്ച മുന്നറിയിപ്പ്

3:12-ലും 19-ലും അവിശ്വാസത്തിന്റെ ദുഷ്ടഹൃദയം ഉണ്ടായിരിക്കുന്നതിനെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ, അവനിൽ വിശ്വസിക്കാതിരിക്കുന്നവനെപ്പോലെ ദുഷ്ടൻ ആരുമില്ല. അവിശ്വാസമുള്ള ഹൃദയമാണ് ഏറ്റവും ദുഷ്ടഹൃദയം. നമ്മുടെ അവിശ്വാസത്തെക്കാൾ അധികമായി യാതൊന്നും ദൈവത്തെ അവഹേളിക്കുന്നില്ല, നാം അവനിൽ വിശ്വസിക്കുന്നതിനെക്കാൾ അധികമായി യാതൊന്നും അവനെ ആദരിക്കുന്നതുമില്ല. ദൈവം തന്റെ വചനത്തിൽ പറയുന്നതെന്തും നാം വിശ്വസിക്കണം. നമ്മുടെ ഹൃദയം ദൈവവചനത്തെ വിശ്വസിക്കുന്നില്ലെങ്കിൽ, അത് അവന്റെ കണ്ണിൽ ദുഷ്ടവും അവിശ്വാസവുമുള്ള ഒരു ഹൃദയമാണ്.

Mon

## II. വിശ്വാസത്തിന്റെ നിർവചനം

### A. പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണമായ വിശ്വാസം

ഇപ്പോൾ നാം വിശ്വാസത്തിന്റെ നിർവചനത്തിന്റെ കാര്യത്തിലേക്കു വരുന്നു. നമ്മുടെ ആളത്തത്തിനുള്ളിൽ വിശ്വാസം സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നെങ്കിലും അതിനെ നിർവചിക്കുവാൻ പ്രയാസമാണ്. വിശ്വാസം വിശ്വാസം മാത്രമാണ്.

എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻകീഴിൽ എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ പറഞ്ഞു, "വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു." (11:1). വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണമായതിനാൽ അത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ നിശ്ചയം, ഉറപ്പ്, ദൃഢീകരണം, യാഥാർഥ്യം, സാരാംശം, താങ്ങിനിർത്തുന്ന അടിത്തറ, പ്രത്യാശിക്കുന്ന കാര്യങ്ങളെ താങ്ങിനിർത്തുന്ന അടിസ്ഥാനം, ആണ്. ഇവിടെ "സാരാംശീകരണം" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം 1:3-ലെ "സത്ത", 3:14-ലെ "നിശ്ചയം", 2 കൊരിന്ത്യർ 11:17-ലെ (ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ നിൽക്കുന്നു എന്നറിയുന്ന) (KJV) "നിശ്ചയം" എന്നിങ്ങനെ വിവർത്തനം ചെയ്തിരിക്കുന്ന അതേ പദമാണ്. അതിനെ ദൃഢീകരണം, യാഥാർഥ്യം, (കാഴ്ചക്കെതിരായുള്ള കാര്യങ്ങളുടെ യഥാർഥ പ്രകൃതം എന്നർഥമുള്ള) സാരാംശം, അടിസ്ഥാനം അഥവാ താങ്ങിനിർത്തുന്ന അടിത്തറ എന്നിങ്ങനെയും വിവർത്തനം ചെയ്യാം. കിംഗ് ജെയിംസ് ഭാഷ്യം ഈ വാക്യത്തിൽ "സാരാംശീകരണ"ത്തിനു (substantiating) പകരം "സാരാംശം" (substance) എന്ന പദം ഉപയോഗിക്കുന്നു. എന്നാൽ ഇവിടത്തെ അർഥം ഒരു ഖര പദാർഥത്തിന്റേതല്ല. ഈ യവനപദം ഒരു പ്രവൃത്തിയെ സൂചിപ്പിക്കുകയും, അതിനെ ഒരു ക്രിയാനാമമായി, ഒരു ക്രിയയുള്ള നാമമായി വിവർത്തനം ചെയ്യുകയും വേണം. ഈ സന്ദേശം അച്ചടിച്ചിരിക്കുന്ന പേപ്പർ ഒരു സാരാംശമാണ്. എന്നാൽ അതിനെ നിങ്ങളുടെ കൈകൊണ്ട് സ്പർശിക്കുന്നതിലൂടെ നിങ്ങൾ അത് സാരാംശീകരിക്കുന്നു. നിങ്ങൾ അനുഭവിച്ചറിയുകയും, തിരിച്ചറിയുകയും, അതിനെക്കുറിച്ച് പൂർണ്ണമായ ഒരു ബോധ്യം ഉണ്ടായിരിക്കുകയും ചെയ്യുന്നു. ഇത് സാരാംശീകരിക്കുന്ന ഒരു പ്രവൃത്തിയാണ്. വിശ്വാസം ഒരു സാരാംശമല്ല; അത് സാരാംശീകരിക്കുന്ന ഒരു പ്രവൃത്തിയാണ്. വിശ്വാസം ഉണ്ടായിരിക്കുക എന്നത് സാരാംശീകരണ മൂലകം ഉണ്ടായിരിക്കുന്നതല്ല; അത് സാരാംശീകരിക്കുന്ന ഒരു പ്രാപ്തി ഉണ്ടായിരിക്കുന്നതാണ്. ചില കാര്യങ്ങൾ കാണാനോ കേൾക്കാനോ സ്പർശിക്കാനോ കഴിയില്ലെങ്കിലും, അവയെ സാരാംശീകരിക്കുന്നതിനുള്ള പ്രാപ്തി അപ്പോഴും നമ്മുടെ ഉള്ളിലുണ്ട്. ഇതാണ് വിശ്വാസം. വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടായിരിക്കുമെന്ന് വേദപുസ്തകം പറയുന്നു (യോഹ. 3:15). നാം ഈ വചനം കേൾക്കുമ്പോൾ, ആർക്കും കാണാനോ സ്പർശിക്കാനോ കഴിയാത്തതാണെങ്കിൽപോലും, അത് യഥാർഥമായ ഒന്നിനെ നമ്മിലേക്ക് എത്തിക്കുന്നതായി നാം അനുഭവമാക്കുന്നു. എന്നിരുന്നാലും, നമ്മുടെ ഉള്ളിലുള്ള വിശ്വാസം ഈ വചനത്തിൽ നമ്മിലേക്ക് എത്തിക്കുന്നതിനെ സാരാംശീകരിക്കുന്നു.

വേദപുസ്തകം ഒസ്യത്തുകളാൽ നിറഞ്ഞിരിക്കുന്ന ഒരു വിൽപത്രമാണ്. എങ്കിലും, ഇത് വിസ്മൃതമാണെന്ന് ഒരു അവിശ്വാസി പറയും. അവനെ സംബന്ധിച്ചിടത്തോളം, വേദപുസ്തകം മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു പുസ്തകമാണ്. എന്നാൽ, ദൈവത്തിന്റെ വിളിക്കപ്പെട്ടവരായ നമുക്ക് വേദപുസ്തകം ഒസ്യത്തുകളുടെ ഒരു പുസ്തകമാണ്. നാം ഇത് കേൾക്കുമ്പോൾ, നമ്മുടെ ഉള്ളിൽ എന്തോ അതിനെ സാരാംശീകരിക്കുവാനായി പ്രതികരിക്കുന്നു. ഈ സാരാംശീകരണത്തെയാണ് നാം വിശ്വാസം എന്നു വിളിക്കുന്നത്. നിങ്ങൾക്ക് നിത്യജീവനുണ്ടെന്ന് നിങ്ങൾക്കെങ്ങനെ അറിയാം? കർത്താവായ യേശു നിങ്ങളുടെ ആത്മാവിലുണ്ടെന്ന് നിങ്ങൾക്കെങ്ങനെ അറിയാം? ഈ കാര്യങ്ങൾ വിശ്വാസത്താൽ നാം അറിയുന്നു. ക്രിസ്തു നമ്മുടെ ആത്മാവിൽ വസിക്കുന്നുവെന്ന് ജനത്തോട് വിശദീകരിക്കാനോ കാണിക്കാനോ നമുക്കു കഴിയുകയില്ല. ഇത് മറ്റുള്ളവർക്ക് മുന്നിൽ അവതരിപ്പിക്കാൻ നമുക്ക് കഴിയില്ലെങ്കിലും, നമുക്കായി അതിനെ സാരാംശീകരിക്കുവാൻ നമുക്കു കഴിയും.

ഈ സാരാംശീകരണം ഒരു ചെറിയ കാര്യമല്ല; ഇത് ഒരു ആറാം ഇന്ദ്രിയം പോലെയാണ്. നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങൾക്ക് ഓരോന്നിനും സാരാംശീകരിക്കാനുള്ള പ്രാപ്തിയുണ്ട്. ഉദാഹരണത്തിന്, നമ്മുടെ മൂക്ക് സുഗന്ധങ്ങളെ സാരാംശീകരിക്കുകയും, നമ്മുടെ കണ്ണുകൾ വർണ്ണങ്ങളെ സാരാംശീകരിക്കുകയും ചെയ്യുന്നു. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു പുറമേയുള്ള ഒരു നിശ്ചിതവും പ്രത്യേകവുമായ ഇന്ദ്രിയമാണ് വിശ്വാസം. ഈ ഇന്ദ്രിയത്താലാണ് അദൃശ്യമായതോ പ്രത്യാശിക്കുന്നതോ ആയ കാര്യങ്ങളെ നാം സാരാംശീകരിക്കുന്നത്.

### *1. വിശ്വാസികളുടെ ജീവൻ പ്രത്യാശിക്കുന്ന കാര്യങ്ങളുടെ ഒരു ജീവനാകുന്നു*

വിശ്വാസികളുടെ ജീവൻ പ്രത്യാശിക്കുന്ന കാര്യങ്ങളുടെ ഒരു ജീവൻ, വിശ്വാസത്തോടുകൂടെ ചേർന്നുപോകുന്നതും വസിക്കുന്നതുമായ പ്രത്യാശയുടെ ഒരു ജീവൻ ആണ്. (1 പത്രൊ. 1:21; 1 കൊരി. 13:13; റോമ. 4:18). ക്രിസ്തു ഇല്ലാത്തവരായ അവിശ്വാസികൾക്ക് പ്രത്യാശയില്ല (എഫെ. 2:12; 1 തെസ്സ. 4:13). എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരായ നാം പ്രത്യാശയുള്ള ഒരു ജനമാണ്. ദൈവത്തിൽനിന്നും നാം സ്വീകരിച്ച വിളി നമുക്ക് പ്രത്യാശ കൊണ്ടുവരുന്നു (എഫെ. 1:18; 4:4). നാം "ജീവനുള്ള പ്രത്യാശയിങ്കലേക്കു" വീണ്ടുംജനിച്ചിരിക്കുന്നു (1 പത്രൊ. 1:3). നമ്മിലുള്ള നമ്മുടെ ക്രിസ്തു "മഹത്വത്തിന്റെ പ്രത്യാശ" ആണ് (കൊലൊ. 1:27; 1 തിമൊ. 1:1), അത് തേജസ്സിലുള്ള നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിൽ, കായാന്തരത്തിൽ അവസാനിക്കും (റോമ.

8:23-25). ഇത് "രക്ഷയുടെ പ്രത്യാശയും" (1 തെസ്സ. 5:8), "ധന്യമായ പ്രത്യാശയും" (തീത്തൊ. 2:12), "നല്ല പ്രത്യാശയും" (2 തെസ്സ. 2:16), "നിത്യജീവന്റെ പ്രത്യാശയും" (തീത്തൊ. 1:2; 3:7), "ദൈവതേജസ്സിന്റെ പ്രത്യാശയും" (റോമ. 5:2), "സുവിശേഷത്തിന്റെ പ്രത്യാശയും" (കൊലൊ. 1:23), "സ്വർഗത്തിൽ നിങ്ങൾക്ക് സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശയും" (കൊലൊ. 1:3) ആണ്. "ഈ പ്രത്യാശ" നാം എപ്പോഴും കാത്തുകൊള്ളുകയും (1 യോഹ. 3:3), "അതിൽ പ്രശംസിക്കുകയും" വേണം (റോമ 5:2). നമ്മുടെ ദൈവം "പ്രത്യാശയുടെ ദൈവം" ആണ് (റോമ. 15:13); "തിരുവെഴുത്തുകളുടെ പ്രോത്സാഹനത്തിലൂടെ നമുക്ക് പ്രത്യാശ ഉണ്ടാകേണ്ടതിന്" (റോമ. 15:4) എപ്പോഴും "പ്രത്യാശ ദൈവത്തിൽ ആയിരിക്കുകയും" (1 പത്രൊ. 1:21) "അതിൽ സന്തോഷിക്കുകയും" (റോമ 12:12) വേണം. "പ്രത്യാശയുടെ പ്രശംസ അവസാനം വരെ മുറുകെപ്പിടിക്കുവാനും" (3:6), "പ്രത്യാശയുടെ പൂർണ നിശ്ചയത്തിനായി അവസാനത്തോളം ഒരേ ശുഷ്കാന്തി കാണിക്കണമെന്നും" (6:11), "നമ്മുടെ മുമ്പാകെ വച്ച പ്രത്യാശയെ മുറുകെപ്പിടിക്കുവാനും" (6:18) എബ്രായലേഖനം നമ്മോട് ആജ്ഞാപിക്കുന്നു. പുതിയ ഉടമ്പടി "ദൈവത്തിന്റെ അടുക്കൽ കടന്നുവരുവാൻ മേന്മയേറിയ പ്രത്യാശയെ കൊണ്ടുവരുന്നു" എന്നും അത് നമ്മോടു പറയുന്നു (7:19). നമ്മുടെ ജീവിതം വിശ്വാസത്തോടുകൂടെ ചേർന്നുപോകുന്നതും വസിക്കുന്നതുമായ പ്രത്യാശയുടെ ഒരു ജീവിതമായിരിക്കണം (1 പത്രൊ. 1:21; 1 കൊരി. 13:13). "പ്രത്യാശയ്ക്കതീതമായ പ്രത്യാശയിൽ വിശ്വസിച്ച്" (റോമ. 4:18, പ്രത്യുദ്ധാര ഭാഷ്യം) അബ്രഹാമിനെ നാം പിന്തുടരണം.

### *2. നാം പ്രത്യാശിക്കുന്ന കാര്യങ്ങളെ വിശ്വാസം സാരാംശീകരിക്കുന്നു*

നാം പ്രത്യാശിക്കുന്ന സകല കാര്യങ്ങളും നമ്മുടെ വിശ്വാസത്താൽ സാരാംശീകരിക്കുന്നു. വിശ്വാസമുണ്ടെങ്കിൽ അവയെല്ലാം യഥാർഥമാണ്; വിശ്വാസമില്ലെങ്കിൽ അവ വ്യർഥമാണെന്നു തോന്നും. നമ്മുടെ പ്രത്യാശയായി ദൈവം നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്ന സകല കാര്യങ്ങളെയും സാരാംശീകരിക്കേണ്ടതിന് അവൻ നമ്മിലേക്ക് വിശ്വാസത്തെ സന്നിവേശിപ്പിക്കുവാൻ നാം അവനെ ബന്ധപ്പെടേണ്ടത് ആവശ്യമാണ്.

## B. കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടലായ വിശ്വാസം

വിശ്വാസം "കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ" ആണെന്നും വാക്യം 1 പറയുന്നു. " ബോധ്യപ്പെടൽ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവന പദത്തെ "തെളിവ്" അഥവാ "ദാർഢ്യം" എന്നും വിവർത്തനം ചെയ്യാം. ബോധ്യപ്പെടൽ എന്ന പദം പ്രവർത്തനത്തെ വിവക്ഷിക്കുന്നു. അങ്ങനെ, വിശ്വാസം

സാരാംശമല്ല, മറിച്ച് കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടലും, പ്രവൃത്തിയും, തെളിവും, ദാർഢ്യവും ആണ്. പ്രത്യാശിക്കുന്ന സകല കാര്യങ്ങളും കാണാത്ത കാര്യങ്ങളാണ് (റോമ. 8:24-25). ഒരു കാര്യം കാണാമെങ്കിൽ, അതിനുവേണ്ടി നാം പ്രത്യാശിക്കേണ്ട ആവശ്യമില്ല. പ്രത്യാശയുള്ള ജനമെന്ന നിലയിൽ, നമ്മുടെ ജീവിതം "കാണുന്നവയെ അല്ല" ലക്ഷ്യം വെക്കേണ്ടത്, മറിച്ച് "കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു" (2 കൊരി. 4:18). ഇക്കാരണത്താൽ, "കാഴ്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്" (2 കൊരി. 5:7). അതിവിശുദ്ധസ്ഥലവും പുതിയ യെരൂശലേമുമാണ് നാം ലക്ഷ്യമിടുന്നത്, അവയെ നമുക്ക് കാണാൻ കഴിയില്ല. എങ്കിലും, ഈ കാണാത്ത കാര്യങ്ങളുടെ പൂർണ്ണമായ ബോധ്യപ്പെടൽ നമുക്കുണ്ട്. കാണാത്തവയെക്കുറിച്ച് ബോധ്യപ്പെടുത്തിക്കൊണ്ട്, വിശ്വാസം കാണാത്ത കാര്യങ്ങളെക്കുറിച്ച് നമുക്ക് ഉറപ്പുനൽകുന്നു. അതുകൊണ്ട്, അത് കാണാത്ത കാര്യങ്ങളുടെ തെളിവ്, ദാർഢ്യം ആണ്.

ദൈവത്തിന്റെ കാര്യങ്ങൾ തിരിച്ചറിയാനും ആസ്വദിക്കാനുമുള്ള മാർഗമായ വിശ്വാസം നമ്മുടെ സ്വാഭാവിക ആളത്തത്തിന്റെ ഭാഗമല്ല. ഇത് നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെട്ട ഒരു ദിവ്യ പ്രാപ്തിയാണ്. ശരിയായ വിശ്വാസം ദിവ്യ മൂലകമാണ്, നാം കാണാതിരിക്കുന്ന കാര്യങ്ങളെ സാരാംശീകരിക്കുവാനുള്ള പ്രാപ്തിയായി നമ്മുടെ ആളത്തത്തിലേക്ക് സന്നിവേശിപ്പിക്കപ്പെട്ട ദൈവംതന്നെയാണ്. സന്നിവേശിപ്പിക്കപ്പെട്ട ഈ മൂലകമാണ് നമ്മുടെ സാരാംശീകരിക്കുന്ന പ്രാപ്തി. നാം ദൈവത്തെ ബന്ധപ്പെടുകയോ അവന്റെ വചനം കേൾക്കുകയോ ചെയ്യുമ്പോൾ, ദൈവത്താൽത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് സന്നിവേശിപ്പിക്കപ്പെട്ട സാരാംശീകരിക്കുന്ന പ്രാപ്തി സ്വതവേതന്നെ പ്രത്യാശിക്കുന്ന കാര്യങ്ങളായ, ദൈവത്തിന്റെ കാര്യങ്ങളും, കാണാത്ത കാര്യങ്ങളും, നാം വിശ്വസിക്കുന്ന കാര്യങ്ങളും സാക്ഷാൽക്കരിക്കുവാൻ തുടങ്ങുന്നു. നാം കണ്ടതുപോലെ, വിശ്വാസമെന്നത് നമ്മുടെ സ്വാഭാവിക ജനനത്തിൽനിന്നും ഉത്ഭവിച്ച പഞ്ചേന്ദ്രിയങ്ങൾക്കു പുറമേയുള്ള ഒരു സവിശേഷ ഇന്ദ്രിയമാണ്. ഈ ഇന്ദ്രിയം നാം കാണാത്ത കാര്യങ്ങളായ ദൈവത്തിന്റെ കാര്യങ്ങൾ സാരാംശീകരിക്കുന്നു. ക്രിസ്തീയ ജീവിതം പ്രത്യാശയുടെ ഒരു ജീവിതമായതിനാലും ഈ ജീവിതത്തിൽ കാണാത്ത കാര്യങ്ങളെ നാം ലക്ഷ്യമിടുന്നതുകൊണ്ടും, നാം പ്രത്യാശിക്കുന്ന കാര്യങ്ങൾ സാരാംശീകരിക്കുവാനും കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ഉണ്ടായിരിക്കുവാനും നമുക്ക് ദൈവത്തിന്റെ സന്നിവേശവും നിവേശവും അധികമായി ആവശ്യമുണ്ട്.